ഉത്തരം

(എ&ബി) കേരള മരംകയറ്റതൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം തെങ്ങുകയറ്റം ഉൾപ്പെടെയുള്ള മരംകയറ്റ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവന്നിരുന്ന ധനസഹായം 50,000 രൂപയിൽനിന്നും 1,00,000 രൂപയായും മരംകയറ്റ തൊഴിലിനിടയിൽ അപകടം സംഭവിച്ച് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളിക്ക് നൽകി വന്നിരുന്ന ധനസഹായം 25,000 രൂപയിൽനിന്നും 50,000 രൂപയായും വർദ്ധിപ്പിച്ച് 28-11-.2014-ലെ സ.ഉ.(എം.എസ്.) നമ്പർ 150/2014/തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിനുപുറമേ തൊഴിലിനിടയിൽ വീണ് ജോലി ചെയ്യാൻ കഴിയാത്തവിധം പരിക്കുപറ്റുന്ന തൊഴിലാളികൾക്കും മരത്തിൽനിന്ന് വീണ് മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിന് 2012-ലെ 'കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി' എന്ന പേരിൽ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) കേരള മരംകയറ്റതൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം മരംകയറ്റ തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നിലവിൽ 1,00,000 രൂപയാണ് നൽകിവരുന്നത്.

പുഴക്കാട്ടിരി ഐ.ടി.ഐ.

249 (950) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് കെട്ടിടം പണിയുന്നതിന് മങ്കട വില്ലേജിലെ കർക്കിടകത്തുള്ള റവന്യൂഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) റവന്യൂ ഭൂമി വിട്ടുനൽകാൻ തയ്യാറായിട്ടും ഏറ്റെടുക്കാതെ സ്ഥലം നഷ്ടപ്പെടുത്തുന്നത് ഒഴിവാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുഴക്കാട്ടിരി ഐ.ടി.ഐ.-യ്ക്ക് കെട്ടിടം പണിയുന്നതിന് മങ്കട വില്ലേജിൽ കർക്കിടകത്തുള്ള റവന്യൂ ഭൂമി വ്യാവസായിക പരിശീലന വകുപ്പിന് ലഭ്യമാക്കുന്നതിനായി ലാന്റ് ട്രാൻസ്ഫർ ഫോമിൽ അപേക്ഷ മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly